കേരള സർക്കാർ

ജലവിഭവവകുപ്പ്-കാവേരി ജലസേചന ഉപവിഭാഗം സുൽത്താൻ ബത്തേരി

പുനർക്വട്ടേഷൻ പരസ്യം

നം: ഡ1-1/2019-20 തിയതി 19/08/2020

കേരള ഗവർണ്ണർക്കുവേണ്ടി കാവേരി ജലസേചന ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ, കാവേരി സബ് ഡിവിഷൻ, സുൽത്താൻ ബത്തേരി വയനാട് താഴെ പറയുന്ന പ്രവൃത്തികൾക്ക് നിശ്ചിത യോഗ്യതയുള്ള കരാറുകാരിൽ നിന്നും മുദ്ര വച്ച പുനർക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ 2020 സെപ്റ്റംബർ 3-ാം തീയതി ഉച്ചക്ക് 3.00 മണിവരെ സ്വീകരിക്കുന്നതാണ്.അന്നേ ദിവസം 3.30 മണിക്ക് അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരോ അപ്പോൾ ഹാജരുള്ള കരാറുകാരുടെയോ അവരുടെ അംഗീകൃത പ്രതിനിധികളുടേയോ സാന്നിധ്യത്തിൽ തുറക്കുന്നതാണ്.

| ക്രമ നമ്പർ | ക്വട്ടേഷൻ നമ്പർ | പ്രവൃത്തിയുടെ പേര് അടങ്കൽ തുക, | നിരത ദ്രവ്യം | ക്വട്ടേഷൻ പ്രമാണത്തിന്റെ വില | കരാറുകാരുടെ ക്ളാസ്സ് | പ്രവൃത്തിയുടെ കാലാവധി | ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി |
|---|---|---|---|---|---|---|---|
| 1 | 01/2019-2020 | കാവേരി കബനി സബ് ബേസിൻ-തൊണ്ടാർ ജലസേചന പദ്ധതിയുടെ പ്രീ ഫീസിബിലിറ്റി റിപ്പോർട്ട്തയ്യാറാക്കൽ അടങ്കൽ തുക: 10,000/- | 300/- | ഇല്ല | ഡി-ക്ളാസ്സും ഉപരിയും | 6 മാസം | 03/08/2020 3.00 PM |
| 2 | 03/2019-2020 | കബനി ബേസിൻ- തൊണ്ടാർ ജലസേചന പദ്ധതിയുടെ - റിസർവോയർ പ്രദേശത്തിന്റെ കോൺടൂർ സർവേയും ബെഞ്ചുമാർക്കുകൾ സ്ഥാപിക്കലും അടങ്കൽ തുക: 50,000/- | 1300/- | ഇല്ല | ഡി-ക്ളാസ്സും ഉപരിയും | 3 മാസം | 03/08/2020 3.00 PM |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
കാവേരി സബ്ഡിവിഷൻ
സുൽത്താൻ ബത്തേരി

Scanned with CamScanner

ക്വട്ടേഷൻ സംബന്ധിച്ച വിശദ വിവരങ്ങൾ കാവേരി സബ്ഡിവിഷൻ സുൽത്താൻ ബത്തേരി ഓഫിസിൽ നിന്നും 20/08/2020-)ം തിയ്യതി മുതൽ 03/09/2020-)ം തിയ്യതി ഉച്ചക്ക് 1 മണി വരെ എല്ലാപ്രവൃത്തി ദിവസങ്ങളിലും ഓഫീസ് സമയത്ത് രേഖാ മൂലം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്.

നിരതദ്രവ്യം,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാവേരി സബ് ഡിവിഷൻ, സുൽത്താൻ ബത്തേരിയുടെ പേരിൽ പ്ലഡ്ജ് ചെയ്ത് ക്വട്ടേഷൻ സമർപ്പിക്കുന്ന തോടോപ്പം അടക്കം ചെയ്യേണ്ടതാണ്.നാഷ്ണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കിൽ നിന്നുള്ള ഡ്രാഫ്റ്റ്/ഡെപ്പോസിറ്റ്,നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്,കിസാൻ വികാസ് പത്ര തുടങ്ങിയവ നിരതദ്രവ്യമായി സ്വീകരിക്കുന്നതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കുമ്പോൾ 230 രൂപ വിലയുള്ള മുദ്രപത്രത്തിൽ പ്രാഥമികകരാർ അടക്കം ചെയ്യേണ്ടതാണ്

നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.മേൽപ്രവൃത്തിക്ക് ക്വട്ടേഷനുകൾ സ്വീകരിച്ച ശേഷം പ്രവൃത്തി ലഭിച്ച കരാറുകാരൻ അസ്സൽ ഉടമ്പടി വയ്ക്കാതെ ഒഴിഞ്ഞുമാറുകയാണെങ്കിൽ അക്കാരണം കൊണ്ട് പ്രസ്തുത പ്രവൃത്തി വേറെ കരാറുകാരനെ ഏൽപ്പിക്കേണ്ടിവന്നാൽ അതുമൂലം സർക്കാറിനുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ഇത്തരത്തിൽ ഒഴിഞ്ഞുമാറുന്ന കരാറുകാരൻ ഉത്തരവാദിയായിരിക്കും.എന്തെങ്കിലും കാരണവശാൽ ക്വട്ടേഷൻ തുറക്കുന്ന ദിവസം പൊതുഅവധി ആയാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം 3 മണി വരെ ക്വട്ടേഷൻ സ്വീകരിച്ച് 3.30 മണിക്ക് തുറക്കുന്നതാണ്.

കേരള ജലവിഭവ വകുപ്പിലെ ദർഘാസുകളെ സംബന്ധിച്ചുള്ള മറ്റെല്ലാ നിബന്ധനകളും വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
( കേരള ഗവർണർക്കുവേണ്ടി)

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
കാവേരി സബ്ഡിവിഷൻ
സുൽത്താൻ ബത്തേരി

പകർപ്പുകൾ:

1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, പ്രൊജക്ട് സർക്കിൾ, കണ്ണൂരിന്റെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാവേരി ഡിവിഷൻ, സുൽത്താൻ ബത്തേരിയുടെ അറിവിലേക്കായി സമർപ്പിക്കുന്നു.
3. എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും അറിവിലേക്കായി അയയ്ക്കുന്നു.
4. ഹെഡ് ക്ലാർക്ക്/ഫയൽ
5. നോട്ടീസ് ബോർഡ്, കരുതൽ കോപ്പി.

Scanned with CamScanner